**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 3421 — 14.10.2011 -ൽ മറുപടിയ്ക്ക്

**സ്വകാര്യ ഭൂമിയിൽ മരങ്ങൾ വച്ചു പിടിപ്പിക്കൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>,, വി. ഡി. സതീശൻ<br>,, വർക്കല കഹാർ<br>,, റ്റി. എൻ. പ്രതാപൻ | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| എ) ഉപയോഗയോഗ്യമായ തടിയുടെ ലഭ്യതയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; | എ) സാമൂഹ്യ വന വൽക്കരണത്തിന്റെ ഭാഗമായി സ്വകാര്യ ഭൂമികളിലും, സർക്കാർ പുറമ്പോക്കുകളിലും, വിവിധ സ്ഥാപനങ്ങളുടെ കോമ്പൗണ്ടുകളിലും നട്ടുപിടിപ്പിക്കാനായി ഉപയോഗയോഗ്യമായ വൃക്ഷത്തൈകളായ തേക്ക്, ഈട്ടി, ആഞ്ഞിലി, പ്ലാവ്, മഹാഗണി, കുമ്പിൾ, ചന്ദനം എന്നിവ വിതരണം ചെയ്ത് നട്ടുപിടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ബി) സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ മരം നട്ടു പിടിപ്പിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുമോ ; | ബി) സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ വച്ചുപിടിപ്പിക്കാനായി ആവശ്യപ്പെടുന്ന പ്രകാരം വൃക്ഷത്തൈകൾ തുടർന്നും വിതരണം ചെയ്യുകയും അവ സ്വകാര്യ വ്യക്തികൾ തന്നെ തങ്ങളുടെ ഭൂമിയിൽ വച്ചു പിടിപ്പിക്കാനുമുള്ള പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| സി) ഇങ്ങനെ നട്ടു പിടിപ്പിക്കുന്ന മരങ്ങൾ അവർക്ക് തന്നെ വെട്ടിയെടുക്കുവാൻ അനുമതി നൽകുമോ ? | സി) നോട്ടിഫൈഡ് സ്ഥലങ്ങൾ ഒഴികെയുള്ള സ്വകാര്യ ഭൂമികളിൽ നട്ടുപിടിപ്പിക്കുന്ന മരങ്ങളിൽ ചന്ദനം ഒഴികെയുള്ളത് വെട്ടി എടുക്കുവാൻ നിലവിൽ അനുമതിയുണ്ട്. സ്വകാര്യ ഭൂമിയിൽ വച്ചു പിടിപ്പിക്കുന്ന ചന്ദനം വനം വകുപ്പു മുഖേന വെട്ടിയെടുത്ത് ചെലവു കഴിച്ച് നിശ്ചിത ശതമാനം തുക ഉടമയ്ക്ക് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ